## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1046** | **07-12-2022 - ൽ മറുപടിയ്ക്ക്**

## കാട്ടാന ആക്രമണം മൂലമുണ്ടാകുന്ന ഗതാഗത തടസ്സം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി-ആനമല അന്തർസംസ്ഥാന പാതയിൽ തുടർച്ചയായുള്ള കാട്ടാന ആക്രമണത്തിൽ പൊതു ജനങ്ങളുടെ ജീവന് ഭീഷണിയും ഗതാഗത നിയന്ത്രണം മൂലം യാത്രാ തടസ്സവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് പരിഹാരമുണ്ടാക്കുന്നതിനായി ചാലക്കുടി-ആനമല അന്തർസംസ്ഥാന പാതയിൽ കാട്ടാന ആക്രമണം തടയുന്നതിന്റെ ഭാഗമായി പിള്ളപ്പാറ മുതൽ മുണ്ടൻമാണി വരെ 6 കി.മീറ്റർ ദൂരത്തിൽ 5 ലൈൻ സോളാർ ഫെൻസിംഗ് ജോലികൾ നടത്തുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. കൂടാതെ പരിയാരം റെയ്ഞ്ചിനുകീഴിൽ മുഴുവൻ സമയ പട്രോളിംഗ് നടത്തുകയും, കാട്ടാനയുടെ സാന്നിദ്ധ്യം പൊതുജനങ്ങളെ അറിയിക്കുന്നതിനായി എസ്.എം.എസ് അലർട്ട് സംവിധാനം സ്ഥാപിക്കുകയും, ഡിജിറ്റൽ (സെൻസർ) വാൾ ഉപയോഗിച്ച് വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം അറിയിക്കുകയും ചെയ്തു വരുന്നു. കാട്ടാനകളെ കാട്ടിലേക്ക് ഓടിച്ച് കയറ്റുന്നതിനായി കൂടുതൽ വാച്ചർമാരെ നിയോഗിക്കുകയും, കാട്ടാനകൾ നാട്ടിലേക്ക് ഇറങ്ങുന്നത് തടയാൻ പടക്കം പൊട്ടിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മൊബൈൽ പാർട്ടി സ്റ്റാഫിനെ ആർ.ആർ.ടി മാതൃകയിൽ നിയോഗിച്ച് അവരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>വാഴച്ചാൽ ഡിവിഷന്റെ പരിധിയിൽ ചാലക്കുടി - ആനമല അന്തർസംസ്ഥാന പാതയിൽ കാട്ടാന ആക്രമണത്തിൽ പൊതു ജനങ്ങളുടെ ജീവന് ഭീഷണിയും ഗതാഗത നിയന്ത്രണം മൂലം യാത്രാ തടസ്സവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. 2022 നവംബർ മാസത്തിൽ മദപ്പാടിലുള്ള ഒരു കാട്ടാന ആനക്കയം അമ്പലപ്പാറ ഭാഗങ്ങളിൽ വെച്ച് ചാലക്കുടി - മലക്കപ്പാറ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി. ബസ് തടയുകയും വാഹനത്തിന്റെ മുൻഭാഗത്തെ ഗ്ലാസ്സിന്റെ താഴ് ഭാഗത്ത് കൊമ്പ് കൊണ്ട് കുത്തി ആക്രമിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ടി കാട്ടാന തന്നെ ഷോളയാർ ഫോറസ്റ്റ് സ്റ്റേഷനിലെ വനം വകുപ്പ് ജീപ്പിനും കേടുപാടുകൾ വരുത്തിയിട്ടുള്ളതാണ്.<br><br>ടി കാട്ടാന നടത്തിയ ആക്രമണങ്ങളുടെ അടിസ്ഥാനത്തിൽ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷയെ മുൻനിർത്തി ടി റോഡിലൂടെയുള്ള ടൂറിസ്റ്റ് വാഹനങ്ങൾക്ക് തൃശ്ശൂർ ജില്ലാ കളക്ടർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ടി റോഡിലെ സുരക്ഷ മുന്നൊരുക്കങ്ങൾക്കായി കൊല്ലത്തിരുമേട് ഫോറസ്റ്റ് സ്റ്റേഷൻ, ഷോളയാർ ഫോറസ്റ്റ് സ്റ്റേഷൻ, മലക്കപ്പാറ ഫോറസ്റ്റ് സ്റ്റേഷൻ, മുക്കുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ എന്നിവിടങ്ങളിലെ ജീവനക്കാരും, വാച്ചർമാരും കൃത്യമായ രീതിയിൽ പട്രോളിങ്ങ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. 17.11.2022 മുതൽ ഷോളയാർ റെയ്ഞ്ച് പരിധിയിൽ ടി ആനയെ നിരീക്ഷിക്കുന്നതിനായി ആദിവാസി വിഭാഗത്തിൽപ്പെട്ട നാല് വാച്ചർമാരെ പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. ടി തീയതി മുതൽ മലക്കപ്പാറ, വാഴച്ചാൽ ചെക്ക്പോസ്റ്റുകളിൽ ടൂറിസ്റ്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അത്യാവശ്യ കാര്യങ്ങൾക്ക് ടി റോഡിലൂടെ പോകുന്ന യാത്രക്കാർക്ക് ആനയെ കണ്ടാൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. 4.50 പി.എം- ന് ചാലക്കുടിയിൽ നിന്നും ആരംഭിച്ച് 9.00 പി.എം മണിക്ക് മലക്കപ്പാറയിൽ എത്തുന്ന കെ.എസ്.ആർ.ടി.സി ബസിന് സംരക്ഷണത്തിനായി, ടി ആനയുടെ സാന്നിദ്ധ്യമുള്ള 15 കി.മീ. വനപാതയിൽ, പ്രത്യേകമായി പട്രോളിംഗ് നടത്തുന്നുണ്ട്. കൂടാതെ വനമേഖലയിൽ മദപ്പാടിലുള്ള കൊമ്പൻ യാത്രക്കാർക്ക് ഭീഷണി ഉണ്ടാക്കിയ സാഹചര്യത്തിൽ 24/11/2022-ന് ചാലക്കുടി കെ.എസ്. ആർ.ടി.സി ഡിപ്പോ അസിസ്റ്റൻറ് ട്രാൻസ്പോർട്ട് ഓഫീസർക്ക് ഗതാഗതനിയന്ത്രണത്തിനുള്ള നിർദ്ദേശം നൽകിയിരുന്നു. ഡിസംബർ മാസത്തിൽ ടൂറിസ്റ്റുകളുടേയും, യാത്രക്കാരുടേയും, സുരക്ഷയെ മുൻനിർത്തി 4 ആദിവാസി വാച്ചർമാരേയും, മുക്കുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ ആനക്കയം ഭാഗത്ത് നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ